# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1130/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 14/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-1130/2023 തീയ്യതി: 14/12/2023

# ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്‍റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്‍റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 08-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്‍റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്‍റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്‍റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 09-10-2023 | 13-10-2023 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-10-2023 | 13-10-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീമതി. അനീറ്റ പി. സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോസ്സൺ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.റ്റി. മോഹൻദാസ് | പ്രസിഡന്റ് | 01-04-2022 | 01-03-2023 |
| ശ്രീ. സന്തോഷ് കെ. | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ. സാജു മോഹൻ, ഹെഡ് ക്ലർക്ക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 11-10-2022 |
| ശ്രീ. പി. ജബ്ബരാജ് | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. സജൻ എസ്., ഓവർസിയർ | അസി.എഞ്ചിനിയർ ഇൻ-ചാർജ്ജ് | 01-04-2022 | 27-04-2022 |
| ശ്രീ. സുധീർ ബി. | അസി.എഞ്ചിനിയർ | 28-04-2022 | 31-03-2023 |
| ഡോ. സനോജ് കെ.ജെ. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. | 01-04-2022 | 25-10-2022 |
| ഡോ. ബിനു ആർ. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. | 26-10-2022 | 28-11-2022 |
| ഡോ. സനോജ് കെ. ജെ. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. | 29-11-2022 | 03-01-2023 |
| ഡോ. ബിനു ആർ. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. | 04-01-2023 | 21-02-2023 |
| ഡോ. സനോജ് കെ. ജെ. | മെഡിക്കൽ ഓഫിസർ, പി.എച്ച്.സി. | 22-02-2022 | 31-03-2023 |
| ഡോ. അശ്വതി ജെ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ക്ലാപ് ആന്റോ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. സതീഷ് കെ. ആർ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. മാരി ആരോഗ്യം എസ്. | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ. റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജോമോൾ കെ.ജെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് കെ. | വി.ഇ.ഒ. -1 | 01-04-2022 | 18-04-2022 |
| ശ്രീ. ബിന്റോ | വി.ഇ.ഒ. -1 | 19-04-2022 | 18-07-2022 |
| ശ്രീ. അബിൻ കെ.പി. | വി.ഇ.ഒ. -1 | 19-07-2022 | 03-08-2022 |

| | | | |
|---|---|---|---|
| ശ്രീ. അരവിന്ദ് ജെ. ആനന്ദൻ | വി.ഇ.ഒ. -1 | 04-08-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-3 |
| 5 | Stale Cheque ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ Credit ആയില്ല | 1-1-5 |
| 7 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്ത തുകകൾ-ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-3-1 |
| 10 | മെയിന്റനൻസ് ഫണ്ട് ചെലവ് 80% കടന്നില്ല | 1-3-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പെൻഷനുകൾ | 1-6 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | തനത് വരവ് - അവലോകനം | 1-9 |
| 18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 19 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-11 |

| | | |
|---|---|---|
| 20 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് | 1-12 |
| 21 | KPBR ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചു | 1-13 |
| 22 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രാവർത്തികമാക്കിയിട്ടില്ല | 1-14 |
| 23 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 24 | താൽക്കാലിക ജീവനക്കാരുടെ നിയമനം-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 1-16 |
| 25 | സ്വന്തമായി വാഹനമുള്ള പഞ്ചായത്തിൽ വാഹന വാടകയിനത്തിൽ അധികച്ചെലവ് | 1-17 |
| 26 | കോമൺ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം സജീവമല്ല | 1-18 |
| 27 | കാലി വീപ്പയുടെ വില ഈടാക്കിയില്ല | 1-19 |
| 28 | കാന്തല്ലൂർ ടൗൺ മുതൽ വേട്ടക്കാരൻ കോവിൽവരെ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് - പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു | 1-20 |
| 29 | കരാറുകാരുടെ വീഴ്ച മൂലം ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി | 1-21 |
| 30 | പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 1-22 |
| 31 | തൊഴിലുറപ്പ് പദ്ധതി - കരാർ പ്രകാരം ഏറ്റെടുത്ത പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല | 1-23 |
| 32 | ലൈഫ് ഗുണഭോക്താവിന് അധിക തുക നൽകി | 1-24 |
| 33 | നെൽകർഷകർക്ക് കൂലി ചെലവ്- അധിക തുക നൽകി | 1-25 |
| 34 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകതകൾ | 1-26 |
| 35 | പെണ്ണാട് വിതരണം - സബ്സിഡി നിരക്കിൽ അധികമായി ₹87000/- ചെലവഴിച്ചു | 1-27 |
| 36 | പി.എച്ച്.സി.യിലേക്ക് ജനറേറ്റർ വാങ്ങൽ-പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല | 1-28 |
| 37 | ആംബുലൻസ് ഫ്രീസർ അനുബന്ധ സാമഗ്രികൾ വാങ്ങൽ - ആർജ്ജിച്ച ആസ്തികൾ യഥാവിധി സംരക്ഷിക്കുന്നില്ല | 1-29 |
| 38 | ഖരമാലിന്യ പരിപാലനം - അപാകതകൾ | 1-30 |
| 39 | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ - അപാകതകൾ | 1-31 |
| 40 | കോവിൽകടവ് കാന്തല്ലൂർ ടൗണുകളിൽ സി സി റ്റി വി സ്ഥാപിക്കൽ - അപാകതകൾ | 1-32 |
| 41 | വാട്ടർ എ.ടി.എം-പദ്ധതി പൂർത്തീകരിക്കുന്നതിനു മുമ്പ് കരാറുകാരന് ചെലവ് തുക മുഴുവനും അനുവദിച്ചു | 1-33 |

| | | |
|---|---|---|
| 42 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-34 |
| 43 | പൂരകപോഷകാഹാര വിതരണം - ജി.എസ്.ടി. അനുവദിച്ചത് | 1- 35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പെണ്ണാട് വിതരണം - യൂണിറ്റ് കോസ്റ്റിൽ അധികമായി ചെലവഴിച്ചു - പഞ്ചായത്തിന് ₹87000/- നഷ്ടമായി | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മാനുവൽ അദ്ധ്യായം 4-ലെ ഖണ്ഡിക 4.2.1 & അദ്ധ്യായം 11-ലെ ഖണ്ഡിക 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 14.07.2023-ലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള **കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023-ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ്

ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും, നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ **ഡെപ്യൂട്ടി ഡയറക്ടർ**

തീയതി. 14.12.2023 **ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം**

## 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ Net Increase /Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹67,28,879/- ആണ്. എന്നാൽ Net Cash Generated By Operating + Investing + Financing Activity (A+B+C) ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-14,57,682/- ആണ്. പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ പറയുന്ന അക്കൗണ്ടുകളുടെ ബാങ്ക് റിക്കൺസിലേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

| Head | Bank | Closing Balance (31-3-2023) | Remarks |
|---|---|---|---|
| 450210102 | Co-Operative Bank | 11002 | പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 450210101 | SBI PLAN | 1034645 | പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 450210101 | SBI WESTERN GHUT | 3359 | പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 450250101 | SBI SAKSHARATHA | 2637.81 | പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

## 1-1-4 Stale Cheque ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല

മൂന്ന് മാസ പരിധി അധികരിച്ചിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| Voucher No. | Date | Instrument No. | Date | Amount ₹ |
|---|---|---|---|---|
| 22101018 | 31.3.22 | 000019 | 31.3.2022 | 1460 |

## 1-1-5 ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ Credit ആയില്ല

ബാങ്കിൽ നിക്ഷേപിച്ച താഴെ പറയുന്ന ചെക്ക് നാളിതുവരെ Credit ആയില്ല എങ്കിലും 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

| Voucher No. | Date | Instrument No. | Date | Amount |
|---|---|---|---|---|
| 121070900010 | 18-3-22 | 1100300000 | 18-3-22 | 4407 |

## 1-1-6 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഗ്രാന്റ് എ.സി.ആർ., ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

2) നിക്ഷേപ പ്രവൃത്തി - തുക യഥാവിധി അക്കൌണ്ട് ചെയ്തില്ല

നിക്ഷേപ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി.യ്ക്ക് തൻവർഷം കൈമാറിയ താഴെ ചേർത്തിരിക്കുന്ന തുക ₹167485/- യുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വാർഷികകണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 Advance To Implementing Agencies 460500202 എന്ന ഹെഡ്ഡിൽ പ്രസ്തുത തുക ചേർത്തിട്ടില്ല.

നിക്ഷേപ പ്രവൃത്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാധ്യതയായി ചേർത്തിട്ടുള്ള തുകയുടെ വിവരം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

| പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നം./ തിയതി | മുൻകൂർ നൽകിയ തുക ₹ |
|---|---|---|
| അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (238/23) | BRNo.22100352014201308423/ തീ. 11.02.2023 | 100000 |
| അംഗൻവാടികൾക്ക് വൈദ്യൂതീകരണത്തിനായി സി.ഡി തുക ഒടുക്കൽ (213/23) | 22100352014201162995/8.2.23 | 67485 |

3) ലോൺ തുകയുടെ കൃത്യത വ്യക്തമല്ല – വാർഷികകണക്ക് B-5, B-16 ലെ തുകകൾ പൊരുത്തപ്പെടുന്നില്ല

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1/21-03-2022 | 1/24-03-2022 |
| പുതുക്കിയ ബജറ്റ് | 1/07-02-2023 | 4/10-02-2023 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 11105644 | 11105644 |
| വരവ് | 969493000 | 504809104 |
| ആകെ | 980598644 | 515914748 |
| ചെലവ് | 973262500 | 513528604 |
| നീക്കിയിരിപ്പ് | 7336144 | 2386144 |

## 1-3-1 സ്രോതസ്സിൽ നിന്ന് കിഴിവ് ചെയ്ത തുകകൾ-ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ തുകകൾ വരവായി ചേർത്തിട്ടില്ല.

| ഫണ്ട് | ആകെ വിഹിതം | ലൈഫ് ലോൺ | അങ്കണവാടി ഹോണറേറിയം | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 26761000 | 4450780 | 1138800 | 21171420 |
| വികസനഫണ്ട് (SCP) | 9957000 | 2665360 | 0 | 7291640 |
| വികസനഫണ്ട് (TSP) | 7596000 | 4127870 | 0 | 3468130 |

## 1-3-2 മെയിന്റനൻസ് ഫണ്ട് ചെലവ് 80% കടന്നില്ല

മെയിന്റനൻസ് ഫണ്ട് 2022-23 സാമ്പത്തിക വർഷം 80% ചെലവഴിച്ചില്ല. 15.07.2021-ലെ സ.ഉ.(കൈ) നം.79/2021/ധന പ്രകാരം 2022-23 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹61,91,981/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24 ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് – റോഡിതരം | 6151000 | 3727021 | 2423979 | 60.59 | 1230200 | 1193779 |
| മെയിന്റനൻസ് ഫണ്ട് – റോഡ് | 8482000 | 1787398 | 6694602 | 21.07 | 1696400 | 4998202 |
| ആകെ | | | | | | 6191981 |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 26761000 | 26761000 | 24830624 | - |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് – എസ്.സി.പി. | 0 | 9957000 | 9957000 | 9589046 | - |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 7596000 | 7596000 | 7588992 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | 2872782 | 10360035 | 10360035 | 3498829 | 5566953 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 1271283 | 5733742 | 5733742 | 4300056 | 1309587 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 8482000 | 8482000 | 1787398 | - |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 6151000 | 6151000 | 3727021 | - |
| പശ്ചിമഘട്ട വികസനം | 3271 | 88 | 3359 | 0 | 3359 |
| സാക്ഷരത | 2517 | 121 | 2638 | 0 | 2638 |
| ഐ.സി.ഡി.എസ്. | 847109 | 484763 | 1331872 | 1125940 | 205932 |
| കേരളോത്സവം | 20000 | 0 | 20000 | 20000 | 0 |
| ജലനിധി | 1317748 | 27824 | 1345572 | 0 | 1345572 |
| ജീവധാര | 1235136 | 49405 | 1262960 | 21581 | 1284541 |
| സമ്പൂർണ്ണ ശുചിത്വം | 34902 | 0 | 34902 | 0 | 34902 |
| ശുചിത്വ മിഷൻ | 398260 | 0 | 398260 | 732 | 397528 |
| അവാർഡ് | 200000 | 0 | 200000 | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട്) | 149530 | 0 | 149530 | 0 | 149530 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട്) | 137181 | 0 | 137181 | 0 | 137181 |
| സാമൂഹ്യക്ഷേമം | 12000 | 0 | 12000 | 0 | 12000 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320200301) വിമുക്തി | 30840 | 0 | 30840 | 0 | 30840 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320300199) | 9482308 | 23390000 | 32872308 | 15860000 | 17012308 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (320800199) (ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട്) | 240405 | 0 | 240405 | 0 | 240405 |
| 320100999 | 685710 | 0 | 685710 | 115420 | 570290 |
| ഹെൽത്ത് ഗ്രാന്റ് പി.എച്ച്.സി | 0 | 111230 | 111230 | 0 | 111230 |
| ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാ സ്ട്രക്ച്ചർ | 0 | 238919 | 238919 | 69776 | 169143 |

## <u>1-4 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | കളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 283109698 | 137 | 80778883 | 0 | 57 | 0 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം % |
|---|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 36 | 28 | 22144008 | 17071483 | 8 | 77.09 |
| 2. | അസി. എൻജിനീയർ | 103 | 61 | 43343593 | 19244197 | 42 | 44.40 |
| 3. | വെറ്ററിനറി സർജൻ | 8 | 8 | 4852000 | 3134412 | 0 | 64.60 |
| 4. | കൃഷി ഓഫീസർ | 5 | 5 | 4395550 | 4391870 | 0 | 99.91 |
| 5 | ഐ.സി.ഡി.എസ്. | 6 | 6 | 6900000 | 4860082 | 0 | 70.43 |
| 6. | ഹെഡ്മാസ്റ്റർ | 6 | 5 | 1665000 | 855134 | 1 | 51.35 |
| 7. | വി.ഇ.ഒ 1 | 14 | 10 | 195671708 | 28269155 | 4 | 14.48 |
| 8. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 10 | 8 | 1447839 | 979033 | 0 | 67.62 |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2000000 | 1290170 | 0 | 64.58 |
| 10 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 4 | 690000 | 683347 | 0 | 99.03 |
| | ആകെ | 194 | 137 | 283109698 | 80778883 | 57 | 28.53 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4720 | 73899 | 78619 | 74772 | 3847 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45083873 | 45083873 | 45083873 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാ പെൻഷൻ | 4771200 | 490 |
| കർഷകതൊഴിലാളി പെൻഷൻ | 391400 | 35 |

| | | |
|---|---|---|
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 116800 | 12 |
| വാർദ്ധക്യകാല പെൻഷൻ | 12328600 | 1131 |
| വികലാംഗ പെൻഷൻ | 1320000 | 118 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. മിനിട്ട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നിലനിർത്തിയതായും കാണുന്നു.

3. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും റീക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

4. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

5. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.

6. വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ 21.06% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. അലോട്ട്മെന്റ് തുകയുടെ 80% ചെലവഴിക്കാൻ കഴിയാത്തതിനാൽ അടുത്ത വർഷം ഗണ്യമായ തുക നഷ്ടപ്പെടുവാനുള്ള സാഹചര്യമാണുള്ളത്.

7. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

8. നാമമാത്രമായ നിരക്കു വർദ്ധനയിലൂടെ വസ്തു നികുതി പരിഷ്കരണം നടത്തിയതുവഴി ഗ്രാമ പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അവസരം നഷ്ടമായി.

9. KBPR ചട്ടങ്ങൾ പാലിക്കാതെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നു. വിശദാംശങ്ങൾ

ഓഡിറ്റ് റിപ്പോർട്ട് ഭാഗം 1-12 ലും, 1-13 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

10. ആവശ്യമായ മുന്നൊരുക്കങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാതെ വാങ്ങലുകൾ നടത്തിയതുവഴി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. വാട്ടർ എ.ടി.എം. സ്ഥാപിക്കൽ, ജനറേറ്റർ വാങ്ങൽ, ആംബുലൻസിന് ഫ്രീസർ സംവിധാനം എന്നീ പദ്ധതികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-9 തനത് വരവ് - അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(V) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ സിംഹഭാഗവും കൃഷിഭൂമിയാണ്. റബർ, കുരുമുളക്, തുടങ്ങിയ നാണ്യവിളകൾക്കൊപ്പം നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങ് വിളകൾ, വെളുത്തുള്ളി, സ്ട്രോബെറി, കരിമ്പ് എന്നിവയും കൃഷി ചെയ്തു വരുന്നു. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കാർഷികവൃത്തിയിലേർപ്പെട്ടിരിക്കുന്നവരും, കർഷകതൊഴിലാളികളുമാണ്. അഭ്യസ്തവിദ്യരായ ആളുകൾ വിദേശത്ത് തൊഴിൽ കണ്ടെത്തുന്ന പ്രവണത നിലനിൽക്കുന്നതിനാൽ മെച്ചപ്പെട്ട വരുമാനദായകമായ തൊഴിൽ സംരംഭങ്ങളോ വൻകിട കച്ചവട സ്ഥാപനങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. സർക്കാർമേഖലയിലുള്ള സ്ഥാപനങ്ങളും കുറവാണ്. ഇക്കാരണത്താൽ തന്നെ ഗ്രാമപഞ്ചായത്തിന് തനതുവരുമാനവും വളരെ കുറവാണ്. പ്രസ്തുത സാഹചര്യം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും ഒരു പരിധിവരെ തടസ്സമാകുന്നുമുണ്ട്. വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തിക പ്രതിസന്ധി ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വേണ്ട രീതിയിൽ വിലയിരുത്തുന്നില്ല. ***വസ്തു നികുതി പരിഷ്കരണ വേളയിൽ വിജ്ഞാപനം ചെയ്ത കുറഞ്ഞ നിരക്കുകൾ ഈ വാദം സാധൂകരിക്കുന്നു.***

**<u>ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം</u>**

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന്

സ്റ്റാൻറിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന നടപടികളിൽ വീഴ്ച വന്നിട്ടുണ്ട്.

**<u>റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്</u>**

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ പ്രാവർത്തികമാക്കുവാൻ ഭരണസമിതിയുടെ ക്രിയാത്മക ഇടപെടലുകൾ ഇല്ലാത്തതിനാൽ 100% റവന്യൂ പിരിവ് എന്ന ലക്ഷ്യം വിദൂരസ്വപ്നമായി ശേഷിക്കുന്നു.

**എ) <u>വസ്തുനികുതി പരിഷ്ക്കരണ നടപടിക്രമങ്ങൾ</u>**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22-3-2023-ലെ ജി.ഒ (എം. എസ്) 77/2023 നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 5-4-23-ലെ ജി.ഒ(പി) നം 25/2023 നമ്പർ ഉത്തരവ് പ്രകാരവും, ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് 09.05.2023-ലെ തീരുമാനം-2, 30.06.2023-ലെ തീരുമാനം-3 (തിരുത്തൽ തീരുമാനം) പ്രകാരം നികുതി പരിഷ്ക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിലുണ്ടായിരുന്ന നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച്

ഗ്രാമപഞ്ചായത്തിലെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ കെട്ടിടത്തിനും 1-4-2023 പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു (ഫയൽ നം. SC1/94/23 Dt. 09.05.23). കരട് വിജ്ഞാപനം 23-06-2023-ൽ പത്രങ്ങളിലും, ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള നോട്ടീസ് ബോർഡുകളിലും പ്രസിദ്ധീകരിച്ചു. ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം 4.10.2023 തിയ്യതിയിൽ പുറപ്പെടുവിച്ചു. കെട്ടിടങ്ങളുടെ തറ വിസ്തീർണത്തിലും ഉപയോഗക്രമങ്ങൾക്കും ആദ്യ നികുതി നിർണയത്തിനു ശേഷം മാറ്റം വന്നിട്ടുണ്ടോയെന്ന് ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തദനുസരണം ഈ മേഖലയിൽ സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തികളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ബി) <u>തൊഴിൽനികുതി</u>**

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥമായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ ഡിമാന്റ് തുകകൾ കാലികമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഡിമാന്റ് തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സി) <u>ലൈസൻസ് ഫീസുകൾ</u>**

കാർഷിക, വിനോദ സഞ്ചാര മേഖലയായതിനാൽ വൻകിട വ്യവസായങ്ങൾക്കുള്ള പശ്ചാത്തല സൗകര്യങ്ങൾ വളരെ കുറവാണ്. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കി വരുന്നു. എന്നാൽ വ്യാപാരികൾക്ക് പ്രത്യേക ഡിമാന്റ് നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കിയിട്ടില്ല. ആകയാൽ ഡിമാന്റായി സൂചിപ്പിച്ചിട്ടുള്ള

തുകയുടെ ആധികാരികത വ്യക്തമല്ല. ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിൽ നഷ്ടമുണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ പ്രാദേശിക പരിശോധനയുൾപ്പടെയുള്ള മാർഗങ്ങൾ അവലംബിക്കാവുന്നതാണ്.

കെട്ടിട നിർമാണ പെർമിറ്റ് ഫീസ് വർദ്ധനവാണ് ഗ്രാമപഞ്ചായത്തിന് മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യാൻ സാധ്യതയുള്ള ഒരു സ്രോതസ്സ്. സർക്കാർ ഈയിനത്തിൽ വൻവർദ്ധനവ് സാധ്യമാക്കിയതോടെ വിനോദസഞ്ചാരത്തിന് സാധ്യതകളുള്ള പ്രദേശമെന്ന നിലയിൽ ഇവിടെയുണ്ടാകാനിടയുള്ള കെട്ടിടനിർമാണ പ്രവൃത്തികളിലൂടെ നിലവിലുള്ളതിൽ നിന്നും വളരെ ഉയർന്ന വരുമാനം ലഭിക്കാനുള്ള സാധ്യതയാണ് തെളിഞ്ഞിട്ടുള്ളത്.

**രേഖകളുടെ സൂക്ഷിപ്പ്**

വസ്തു നികുതിയുടെ നിർണയം, ഡിമാന്റ്, പിരിവ് നടപടികൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെ തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിലെ അന്തിമ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടാത്തതും വലിയ പോരായ്മയാണ്.

**ശുപാർശകൾ**

1. ഗ്രാമപഞ്ചായത്തിലെ ഹോസ്റ്റലുകൾ/ഹോംസ്റ്റേ, റിസോർട്ടുകൾ എന്നിവയുടെ എണ്ണം യഥാക്രമം 126, 131 എന്നിങ്ങനെയാണ്. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം 4381 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന റിസോർട്ടുകളെയും, ഹോംസ്റ്റേകളെയും ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അനധികൃത കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച്

ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്ന റിസോർട്ടുകളെയും, ഹോംസ്റ്റേകളെയും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ ഫീൽഡ് പരിശോധന നടത്തി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചു വരുന്ന റിസോർട്ടുകളിൽ നിന്നും, ഹോംസ്റ്റേകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ആയുർവ്വേദ ഡിസ്പെൻസറി, കാന്തല്ലൂർ | II |
| 2 | മിൽമ കോപ്പറേറ്റീവ് സൊസൈറ്റി, കോവിൽക്കടവ് | II |
| 3 | ഷോല നാഷണൽ പാർക്ക് | I,II |
| 4 | കോവിൽകടവ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I,II |
| 5 | ALPS, കാന്തല്ലൂർ | I |
| 6 | യൂണിയൻ ബാങ്ക്, കാന്തല്ലൂർ | I |
| 7 | സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ, കാന്തല്ലൂർ | I,II |
| 8 | വന്നാന്തര ഫോറസ്റ്റ് സ്റ്റേഷൻ | II |

| | | |
|---|---|---|
| 9 | സെന്റ് പയസ് ടെന്ത് എൽപിഎസ്, പയസ് നഗർ | I |
| 10 | ഫോറസ്റ്റ് റേഞ്ച് ഓഫീസ്, കാന്തല്ലൂർ | II |

ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുള്ള പക്ഷം വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.19/12.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ബിവറേജസ് കോർപ്പറേഷൻ | I, II |
| 2 | മിൽമ കോ- ഓപ്പറേറ്റീവ് സൊസൈറ്റി, കോവിൽക്കടവ് | I, II |
| 3 | ആദംസ് ആശുപത്രി | I, II |
| 4 | ഹൈറേഞ്ച് കോമൺ വെൽഫയർ സൊസൈറ്റി, കോവിൽക്കടവ് | I, II |
| 5 | ഇൻന്റേൺ | II |
| 6 | യൂണിയൻ ബാങ്ക്, കാന്തല്ലൂർ | I |
| 7 | കാന്തലൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | I, II |
| 8 | ITDP Clinic | I, II |
| 9 | OIC കാന്തല്ലൂർ മാവേലി സൂപ്പർസ്റ്റോർ | I, II |

| | | |
|---|---|---|
| 10 | കോവിൽകടവ് കോ – ഓപ്പറേറ്റീവ് ബാങ്ക് | I, II |

സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ള പക്ഷം വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻകചയറി (നം. 18/12.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സ്ഥാപന തൊഴിൽ നികുതി ഡിമാൻ്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്. വരും വർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

1. പെർമിറ്റ് നം. എസ്.സി1-ബിഎ (274894)/22 തി.24.8.22, അപേക്ഷ നം. എസ്.സി1/756/22 തിയതി 21.7.22 എന്നിവ പ്രകാരം ശ്രീമതി. രമണി, കരിത്തറ വീട്, ചെങ്കലാർ, കാന്തലൂർ എന്നിവരുടെ 59.88 ച.മീറ്റർ വിസ്തൃതി വരുന്ന താമസേതര കെട്ടിടം (A2 വിഭാഗം) ക്രമവത്ക്കരിച്ചിട്ടുണ്ട്. ക്രമവത്ക്കരണ ഫീസായി രശീതി നം.1220101036 തീ.23.8.22 പ്രകാരം ₹250/- യാണ് ഈടാക്കിയിട്ടുള്ളത്. എന്നാൽ 59.88X20= ₹1200/- യാണ് ഈടാക്കേണ്ടിയിരുന്നത്.

2. പെർമിറ്റ് നം. എസ്.സി1-ബിഎ (347876)/22, അപേക്ഷ നം. എസ്.സി1/649/22 തി.30.6.22 എന്നിവ പ്രകാരം ശ്രീ. മേജോ, ചിരിയത്ത് ഹൗസ്, കുട്ടോർ എന്നയാൾക്ക് 924.52 ച.മീറ്റർ വിസ്തൃതി വരുന്ന താമസേതര കെട്ടിടം (A2 വിഭാഗം) നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പെർമിറ്റ് ഫീസായി രശീതി നം.1220101415 തീ.14.11.22 പ്രകാരം ₹6960/- യാണ് ഈടാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ 924.52X10=₹9245/- യാണ് ഈടാക്കേണ്ടിയിരുന്നത്.

ഈടാക്കിയ തുകയിൽ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി (നം.16/12.10.23) യ്ക്കുള്ള മറുപടിയായി ക്രമ നം.1 പ്രകാരം കുറവു വന്ന തുക രശീതി നം.1230000057

തി.11.10.23 പ്രകാരം ഈടാക്കിയതായും, ക്രമ നം.2 പ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചു. ക്രമ നം.2 പ്രകാരം കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>1-13 KPBR ചട്ടങ്ങൾ പാലിക്കാതെ പെർമിറ്റ് അനുവദിച്ചു</u>**

പെർമിറ്റ് നം.എസ്.സി1-ബിഎ (112649)/23 തി.22.03.23, അപേക്ഷ നം. എസ്.സി1/3544/22 തി.13.12.22 എന്നിവ പ്രകാരം സെന്റ് ജൂഡ് ചർച്ച്, കാന്തലൂർ വികാരിക്ക് 579.34 ച.മീറ്റർ വിസ്തൃതി വരുന്ന ഗ്രൂപ്പ് ഡി, ബി, എ2 എന്നീ വിഭാഗത്തിൽ വരുന്ന കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 579.34 ച.മീറ്റർ വിസ്തൃതിയിൽ 135.12 ച.മീറ്റർ ഗ്രൂപ്പ് എ2 കെട്ടിടം നിലവിലുള്ളതാണ്. ഗ്രൂപ്പ് ഡി-യിൽ വരുന്ന കെട്ടിടത്തിന് 237.49 ച.മീറ്റർ നിർമ്മാണ വിസ്തൃതി വരും. 2019-ലെ കെ.പി.ബി.ആർ ചട്ടങ്ങളിലെ ചട്ടം 81 പ്രകാരം ഗ്രൂപ്പ് ഡി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ഫയർ എൻ.ഒ.സി. ആവശ്യമാണ്. എന്നാൽ ഫയർ എൻ.ഒ.സി. ഇല്ലാതെ പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17/12.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെ.പി.ബി.ആർ 2019-ലെ നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി മാത്രം നികുതി നിർണ്ണയ നടപടികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>1-14 പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രാവർത്തികമാക്കിയിട്ടില്ല</u>**

ഉപയോഗശൂന്യമായി കിടക്കുന്ന കോവിൽകടവിൽ ഉള്ള പഴയ കോളേജ് കെട്ടിടം അറ്റകുറ്റ പണികൾ നടത്തി ബെവ്കോ വില്പന കേന്ദ്രമായി വാടകയ്ക്കു നൽകുന്നതിനും ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും 23.04.2022-ലെ അജണ്ട 2 പ്രകാരം പഞ്ചായത്ത് കമ്മിറ്റി

തീരുമാനമെടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടം അറ്റകുറ്റ പണികൾ നടത്തി വാടകയ്ക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല**

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പഞ്ചായത്ത് നിരവധി നിയമ പ്രശ്നങ്ങൾ നേരിടുകയാണെന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി രജിസ്റ്റർ പൂർത്തീകരണത്തിനായി പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും പ്രവൃത്തി നടപ്പാക്കിയിട്ടില്ലെന്നും വിലയിരുത്തിയ ഭരണസമിതി 2022 ജൂൺ 30 നകം ടി പ്രവൃത്തി പൂർത്തീകരിക്കാൻ 23.04.2022 ലെ 1/3 നമ്പർ തീരുമാനം പ്രകാരം അസി.എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ആസ്തി രജിസ്റ്റർ പൂർത്തികരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/12.10.23) സമർപ്പിച്ച മറുപടിയിൽ 2023-24 സാമ്പത്തിക വർഷം ആസ്തി രജിസ്റ്റർ പൂർത്തീകരണത്തിനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നും പദ്ധതി തൻവർഷം തന്നെ പൂർത്തികരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-16 താൽക്കാലിക ജീവനക്കാരുടെ നിയമനം-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല**

ജി.ഒ. (പി)29/2021/ധന തി.11/02/2021 പ്രകാരം താൽക്കാലിക ജീവനക്കാരുടെ കരാർ നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഒരു വർഷത്തേക്കേ നടത്താവൂ എന്നും പരമാവധി ഒരു വർഷത്തേക്ക് കൂടി നീട്ടാം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ

ദിവസ വേതനക്കാരുടെ നിയമനം സർക്കാർ അനുമതിയോടെ 90 ദിവസത്തേക്ക് മാത്രമേ നടത്താവൂ എന്നും ടി ഉത്തരവിലുണ്ട്. പഞ്ചായത്തിൽ രണ്ട് പി. റ്റി. എസ്. തസ്തികകളാണ് നിലവിൽ ഒഴിവുള്ളത്. 2022-23 വർഷം പഞ്ചായത്തിൽ താൽക്കാലിക ജോലിക്കാരായി 3 എഫ്.റ്റി.എസ്., ഒരു ഇലക്ട്രീഷ്യൻ കം എഫ്.റ്റി.എസ്., ഒരു പി.റ്റി.എസ്., ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്റർ (വി.ഇ.ഒ. ഓഫീസ് ആവശ്യത്തിന്), ഒരു ക്ലർക്ക് (എ.ഇ ഓഫീസ് ആവശ്യത്തിന്) എന്നിവർ ജോലി ചെയ്തിട്ടുണ്ട്. ടിയാളുകൾ 2019-20 ലോ അതിനു മുൻ വർഷങ്ങളിലോ താൽക്കാലികമായി നിയമിക്കപ്പെട്ടവരാണ്. ടി വ്യക്തികളെയെല്ലാം തന്നെ "താൽക്കാലിക ജീവനക്കാരെ 179 ദിവസം ജോലിയിൽ തുടർന്നതിനു ശേഷം വിടുതലാക്കേണ്ടതാണ്" എന്ന ഉത്തരവ് പാലിക്കാതെയും കരാർ പുതുക്കാതെയും തുടരാൻ അനുവദിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/11-10-2023) രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമനം 179 ദിവസം കൂടുമ്പോൾ പുതുക്കുകയോ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്തിൽ ഒഴിവുള്ളതും സർക്കാർ ഉത്തരവിൽ അനുശാസിക്കുന്നതുമായ തസ്തികകളിലേക്കും അവശ്യം വേണ്ട അവസരങ്ങളിൽ മാത്രം താൽക്കാലികമായി ജീവനക്കാരെ നിയമിക്കുന്നതിനും പഞ്ചായത്ത് ഫണ്ടിന്റെ വിവേകപൂർണ്ണമായ ഉപയോഗത്തിനും ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള താൽക്കാലിക ജീവനക്കാരെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വിടുതൽ ചെയ്ത്, സർക്കാർ അനുമതി വാങ്ങി നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചശേഷം ജോലിയിൽ തുടരുവാൻ അനുമതി നൽകേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെയും അധികാരികളുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## <u>1-17 സ്വന്തമായി വാഹനമുള്ള പഞ്ചായത്തിൽ വാഹന വാടകയിനത്തിൽ അധികച്ചെലവ്</u>

സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പ്രതിവർഷം ചെലവഴിക്കാവുന്ന തുക സ.ഉ. (സാധാ) നം. 2493/2012/തസ്വഭവ തീയതി. 03-09-2012 പ്രകാരം ₹75000/- ആണ്. ഔദ്യോഗിക ആവശ്യങ്ങൾക്ക് KL-68-8174 ബൊലിറോ ജീപ്പ് ഗ്രാമപഞ്ചായത്തിന് സ്വന്തമായുണ്ടെങ്കിലും വാഹന വാടക ഇനത്തിൽ പഞ്ചായത്തിന് ഓഡിറ്റ് വർഷം ₹102,400/- ചെലവുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/11-10-2023) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ വാഹനം ലഭ്യമല്ലാതിരുന്ന ദിവസങ്ങളിൽ മറ്റാവശ്യങ്ങൾക്ക് വേണ്ടിയാണ് വാടകയ്ക്ക് വാഹനം ഉപയോഗിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. സ്വന്തമായി വാഹനമുള്ള പഞ്ചായത്തിൽ വാഹന വാടക ഇനത്തിൽ ഇത്രയധികം ചെലവു വരുന്നത് അഭികാമ്യമല്ല. ഭാവിയിൽ വാഹന ഉപയോഗത്തിൽ മിതത്വം പാലിക്കാൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് വാഹനം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന അവസരത്തിൽ യാത്രാബത്തയ്ക്ക് അർഹതയുള്ള വ്യക്തികൾ പൊതുയാത്രാമാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. നിലവിലുള്ള വാഹനങ്ങൾക്ക് പുറമെ തുടർച്ചയായുള്ള ഉപയോഗത്തിന് വാഹനം ആവശ്യമായി വരുന്ന സന്ദർഭത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അനുമതിയോടെ മാത്രം വാഹനം വാടകയ്ക്കെടുക്കേണ്ടതാണ്.

## 1-18 കോമൺ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം സജീവമല്ല

പഞ്ചായത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതി (കോമൺ ഫെസിലിറ്റി സെന്റർ) 2021-22 വർഷം ആവിഷ്ക്കരിച്ച് (213/22) നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സർവ്വീസ് സെന്ററിന്റെ പ്രവർത്തനം സജീവമല്ല. കോമൺ സർവിസ് സെന്ററിന് പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഒരു മുറി സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ

നടത്തിപ്പിനായി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ പദ്ധതിപ്രകാരം ലഭ്യമായ ₹385324/- ചെലവഴിച്ച് ഒരു ലാപ്ടോപ്പ്, ഫോട്ടോകോപ്പിയർ, ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ, യുപിഎസ് എന്നിവ GEM മുഖേന വാങ്ങിയിട്ടുണ്ടെങ്കിലും ഇവ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താനാകും വിധം സജ്ജമാക്കിയിട്ടില്ല. വ്യവസായ വകുപ്പിൽ നിന്നുള്ള ഒരു സ്റ്റാഫിന്റെ സേവനം ആഴ്ചയിൽ 2 ദിവസം ലഭ്യമാക്കിയിരുന്നു. എന്നാൽ പൊതു ജനങ്ങൾ സർവ്വീസ് സെന്ററിന്റെ സേവനം വേണ്ട വിധം ഉപയോഗപ്പെടുത്താത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും സർവ്വീസ് സെന്ററിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാത്തതും പദ്ധതി പരാജയമായി തീരുവാൻ കാരണമായിട്ടുണ്ട്. കോമൺ സർവ്വീസ് സെന്ററിന്റ പ്രവർത്തനം സംബന്ധിച്ച് ജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിച്ച് പദ്ധതി വിജയകരമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## <u>1-19 കാലി വീപ്പയുടെ വില ഈടാക്കിയില്ല</u>

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികൾക്ക് പായ്ക്കഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും കാരാറുകാർക്ക് നൽകിയ അന്തിമ ബിൽ തുകയിൽ നിന്നും കാലി വീപ്പയുടെ വില കുറവു ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടാറിംഗ് പ്രവൃത്തിയുടെ പേര് | പദ്ധതി അടങ്കൽ തുക | കരാറുകാരൻ/ അളവുബുക്ക് നം. | പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ച ബിറ്റുമിൻ (ബാരൽ) | ഈടാക്കേണ്ടിയിരുന്ന തുക | | ബിൽ നം./ തീയതി, തുക |
|---|---|---|---|---|---|---|
| | | | | @₹238/Barrel | GST 18% | |
| ചൂരക്കുളം വാർഡ് റോഡ് (84/23) | ₹519900/- | ശ്രീ. ജിതിഷ് സി.എസ്. | 12 ബാരൽ (S65-1258.9kg, | 2618 | 471 | 22200828/21.3.23 ₹519569/- |

| | | | | | | |
|---|---|---|---|---|---|---|
| | | 74/2022-23 | SS1-349.75kg, RS1-139.52kg) | | | |
| കോവിൽക്കടവ് മിൽമ റോഡ് (85/23) | ₹598000/- | ശ്രീ. ജിതിഷ് സി.എസ്. 73/2022-23 | 21 (VG30-2690.43kg; RS1-217.10kg, SS1 292.54) | 4998 | 900 | 222200832/10.3.23 ₹597954/- |
| പെരുമല റോഡ് ടാറിംഗ് (86/23) | ₹739000 | ശ്രീ. ജിതിഷ് സി.എസ്. 67/2022-23 | 18 (VG30-2151.06kg; RS1-272.09kg, SS1 354.01) | 4284 | 771 | 222200833/10.3.23; ₹542211/- 22100352010301327860/ 10.3.23; ₹175274 |
| കാന്തല്ലൂർ ടൗൺ മുതൽ വേട്ടക്കാരൻ കോവിൽ വരെ റോഡ് ടാറിംഗ് (83/23) | ₹1000000 | ശ്രീ. ജിതിഷ് സി.എസ്. 124/2022-23 | 18 (VG30-2151.06kg; RS1-251.45kg, SS1 331.47) | 4284 | 771 | 22100352010301327857/ 10.3.23; ₹663096 |
| ആകെ | | | | 16184 | 2913 | |

കാലി വീപ്പയുടെ വില ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/12.10.23) സമർപ്പിച്ച മറുപടിയിൽ ക്ലറിക്കൽ പിഴവ് മൂലം സംഭവിച്ച അപാകതയാണെന്നും നഷ്ട തുക ഈടാക്കുവാൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അസി.

എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനിയറിൽ നിന്നോ നഷ്ടം ഈടാക്കേണ്ടതാണ്.

## 1-20 കാന്തല്ലൂർ ടൗൺ മുതൽ വേട്ടക്കാരൻ കോവിൽവരെ റോഡ് ടാറിംഗ് & കോൺക്രീറ്റിംഗ് - പദ്ധതി പൂർത്തീകരണം അനന്തമായി നീളുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്ട് നം | 234/22&83/23 |
| അടങ്കൽ തുക | ₹1000000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. ജിതിഷ് സി.എസ്. |
| അളവു ബുക്ക് | 124/22-23 |
| ബിൽ നം/ തീയതി & തുക | 221003520103013278 57/10.3.22; ₹663096/- |

റോഡ് ടാറിംഗ്, റീടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവയായിരുന്നു പ്രധാന പ്രവൃത്തി ഇനങ്ങൾ. 2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ട് 4.1.2023-ലാണ് കരാറുകാരൻ (Agreed PAC ₹892204/-) നിർവ്വഹണത്തിനായി ഏറ്റെടുത്തിട്ടുള്ളത്. 4 മാസമായിരുന്നു പദ്ധതിയുടെ പൂർത്തീകരണ കാലയളവ്. ഒന്നാം പാർട്ട് ബിൽ പ്രകാരം കരാറുകാരൻ ₹663096/-കൈപ്പറ്റി ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി നാളിതുവരെ നടപ്പാക്കിയിട്ടില്ല. അളവു ബുക്ക് പരിശോധിച്ചതിൽ 10.3.2023-നുശേഷം തുടർ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ലെന്ന് കാണുന്നു. പദ്ധതി പൂർത്തികരണത്തിനുള്ള കാലതാമസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/12.10.23) മോശമായ കാലാവസ്ഥ മൂലം തുടർ പ്രവൃത്തികൾ നിർത്തി

വയ്ക്കുകയായിരുന്നെന്നും പ്രവൃത്തി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-21 കരാറുകാരുടെ വീഴ്ച മൂലം ജി.എസ്.ടി. ഇനത്തിൽ അധികം തുക നൽകി

സർക്കാർ ഉത്തരവ് നം. 82/2022/Tax/18.7.2022 പ്രകാരം 17.7.2022 വരെ പൊതുമരാമത്ത് വർക്കു ബില്ലുകളിൻമേൽ ഒടുക്കേണ്ടിയിരുന്ന ജി.എസ്.റ്റി. 12 ശതമാനവും 18.7.2022 മുതൽ 18 ശതമാനവും ആണ്. സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിൽ കരാറുകാർ വരുത്തിയ വീഴ്ച മൂലം താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ അധികം ജി.എസ്.ടി. ഒടുക്കേണ്ടി വന്നിട്ടുണ്ട്.

| നം. | പദ്ധതി | എഗ്രിമെന്റ് നം. തീയതി | സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | എഗ്രിമെന്റ് പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവർത്തി പൂർത്തീകരിച്ച തീയതി/ മെഷർ മെന്റ് തീയതി | ബിൽ നം. തീയതി | പ്രവൃത്തി മൂല്യം | നൽകിയ ജി.എസ്.റ്റി. 18% | എഗ്രിമെന്റ് പ്രകാരം കൊടുക്കേണ്ടിയിരുന്ന ജി.എസ്.റ്റി. (പ്രവൃത്തി യുടെ 12%) | ജി.എസ്.റ്റി. ഇനത്തിൽ നഷ്ടം വന്നത് |
|---|---|---|---|---|---|---|---|---|---|---|
| 1 | കോവിൽ ക്കടവ് എസ്.സി. കോളനി മാർക്കറ്റ് | 05/AE/ LID&EW/ KLR/ 2021-22/ 18-12-21 | 18-12-21 | 3 മാസം (17-3-22) | 23-1-2023 | BRN 2210035201 0301083637/ 24.1..23; ₹396821/- | 336288 | 60532 | 40355 | 20177 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | റോഡ് കോൺ ക്രീറ്റിംഗ് (83/23) | | | | | | | | | |
| 2 | മണിക്കുറ പനവയൽ എസ്.സി കോളനി റോഡ് കോൺക്രീറ്റിംഗ് (73/23) | 07/AE/ LID&EW/ KLR/ 2021-22/ 18.12.21 | 18-12-21 | 3 മാസം (17-3-22) | 17-02-2023 | BRN 2210035201 0301351595/ 15.3.23; ₹436170/- | 369635 | 66524 | 44356 | 22168 |
| | ആകെ | | | | | | | | | 42345 |

പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്ക് അധികം തുക നൽകിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/12.10.23) ഫോറസ്റ്റ് വകുപ്പിൽ നിന്നും പരിസരവാസികളിൽ നിന്നും എതിർപ്പ് വന്നതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടതാണെന്നും കരാറുകാരുടെ ഭാഗത്തു നിന്നു വീഴ്ചയുണ്ടായിട്ടില്ലെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരണത്തിനുള്ള കാലതാമസം സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പാർട്ട് ബിൽ കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഭാഗികമായി നടപ്പിലാക്കി പാർട്ട് ബിൽ തുക കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ നടപ്പാക്കാത്ത നിലയിലാണ്.

1. <u>മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കൽ</u>

| | |
|---|---|
| പ്രോജക്ട് നം. | 80/23 |
| അടങ്കൽ തുക | ₹10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. ജിതീഷ് സി.എസ്. |
| അളവു ബുക്ക് നമ്പർ | 63/22-23 |
| ബിൽ നം., തീയതി, തുക | 2210035201030154 2712/ 28.3.23; ₹420250/- |

ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിട നിർമ്മാണത്തിന് ഈ പദ്ധതിയിൽ രൂപം നൽകി. പാർട്ട് ബില്ലിനത്തിൽ കരാറുകാരൻ ₹420250/- കൈപ്പറ്റിയിട്ടുണ്ട്. അളവു ബുക്ക് പരിശോധിച്ചതിൽ പാർട്ട് ബിൽ കൈപ്പറ്റിയതിനു ശേഷം ജി.ഐ. ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്, ഗ്രിൽ വർക്ക് തുടങ്ങിയ തുടർ പ്രവൃത്തികളൊന്നും നടപ്പാക്കിയിട്ടുള്ളതായി കാണുന്നില്ല.

2. <u>കാന്തല്ലൂർ ടേക്ക് എ ബ്രേക്ക്</u>

| | |
|---|---|
| പ്രോജക്ട് നം | 219/22 & 82/23 |
| അടങ്കൽ തുക | 1400000/- (ശുചിത്വമിഷൻ & ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ജിതീഷ് സി.എസ്. |
| അളവു ബുക്ക് | 38/22-23 |
| ബിൽ നം., തീയതി, തുക | 2210035201030154947/28.3.23; ₹400000/- |

ടേക്ക് എ ബ്രേക്ക് പ്രവൃത്തിയിൽ ടോയ്‌ലറ്റ് കെട്ടിട നിർമ്മാണ പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പാർട്ട് ബില്ലിനത്തിൽ ₹400000/- കൈപ്പറ്റിയ ശേഷം തുടർ പ്രവൃത്തികൾ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

പദ്ധതികൾ പാതി വഴിയിൽ ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി - കരാർ പ്രകാരം ഏറ്റെടുത്ത പ്രവൃത്തി നടപ്പിലാക്കാത്ത കരാറുകാരനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടില്ല

2020-21 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള വിവിധ മരാമത്തു പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ടെണ്ടർ നടപടികളിലൂടെ ഏതൻസ് കൺസ്ട്രക്ഷൻസ്, മറയൂർ എന്ന സ്ഥാപനം ഏറ്റെടുത്തിരുന്നു. 03.07.2020-ൽ കരാർ ഒപ്പിട്ട് ഏറ്റെടുത്ത പ്രവൃത്തികൾ നാളിതുവരെയും നടപ്പാക്കിയിട്ടില്ല. ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് 08.04.2022-ലെ അജണ്ട 1/3 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു. കരാറുകാരൻ നടപ്പിലാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ചെങ്കുലാർ ഒ.എൽ.എച്ച്. കോളനി സംരക്ഷണഭിത്തി റീച്ച്-2

2. ചെങ്കുലാർ ഒ.എൽ.എച്ച്. കോളനി സംരക്ഷണഭിത്തി റീച്ച്-3

3. തലച്ചൂർകടവ് റോഡ് കോൺക്രീറ്റ് റീച്ച്-2

4. കുളച്ചിവയൽ റൂറൽ പെരുമല റോഡ് കോൺക്രീറ്റ്

5. കാരയൂർ ചൂരക്കുളം കനാൽ കോൺക്രീറ്റ്

6. കട്ടിയനാട് പേടരിയമ്മൻ കോവിൽ റോഡ് സൈഡ് സംരക്ഷണ ഭിത്തി

കരാറുകാരൻ സെക്യൂരിറ്റി നിക്ഷേപമായി ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയ തുക തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരന്റെ പേരിലുള്ള സെക്യൂരിറ്റി നിക്ഷേപം തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുള്ളതിന്റെയും കരാറുകാരനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ലൈഫ് ഗുണഭോക്താവിന് അധിക തുക നൽകി

1. പ്രോജക്ട് നം. 96/2022-23

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ.

പദ്ധതി – ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ)

അടങ്കൽ – ₹30,00,000/-

ചെലവ് – ₹30,00,000/-

ലൈഫ് മിഷൻ ഭവനപദ്ധതി ജനറൽ - പ്രോജക്ടിൽ ഗുണഭോക്താവായ ഈശ്വരി സുബ്രമണ്യൻ, പയസ് നഗർ എന്നയാൾക്ക് ഭവന നിർമ്മാണത്തിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹4,40,000/-

കൈമാറിയിട്ടുണ്ട്.

| ഗഡുക്കൾ | ചെക്ക് നം. | തുക ₹ |
|---|---|---|
| I | 18100352015300538232/17.9.18 | 40,000/- |
| II | 1530/19 Dt. 24.7.19 | 1,60,000/- |
| III | BRN No:18100352015300538232 Dt 15/11/19 | 1,00,000/- |
| Iv | 1591/20 Dt29.7.20 | 60,000/- |
| V | BRN No:22100352015301130953 Dt 03.02.23 | 40,000/- |
| VI | BRN No:22100352015301231783 Dt 23.02.23 | 40,000/- |
| | ആകെ | 4,40,000/- |

ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ പ്രകാരം ₹4,00,000/- ആണ് ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താവിന് ₹40,000/- അധികം നൽകി.

2. പ്രോജക്ട് നം- 97/2022-23 (SC)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ.

പദ്ധതി – ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി.)

ചെലവ്- ₹24,46,120/-

പ്രസ്തുത പ്രോജക്ട് പ്രകാരം രാജമ്മ പെച്ചിമുത്തു, പുത്തൻപറമ്പിൽ വീട്, പയസ് നഗർ എന്ന ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനായി താഴെ പറയുന്ന ബില്ലുകൾ പ്രകാരം ₹4,40,000/-

കൈമാറിയിട്ടുണ്ട്.

| ഗഡുക്കൾ | ചെക്ക് നം. | തുക ₹ |
|---|---|---|
| I | BRN No:18100352015300538230 Dt 17.9.2018 | 40,000/- |
| II | 9143811/26.3.2019 | 1,60,000/- |
| III | 19923/19 Dt 3.9.2019 | 1,00,000/- |
| Iv | 197/20 Dt 30.1.2020 | 60,000/- |
| V | BRN No:18100352015301267695 Dt 1/3/2023 | 40,000/- |
| VI | BRN No:22100352015301231787 Dt 23.02.2023 | 40,000/- |
| | ആകെ | 4,40,000/- |

ലൈഫ് ഭവനപദ്ധതി മാർഗ്ഗരേഖ പ്രകാരം ₹4,00,000/-ആണ് ഒരു ഗുണഭോക്താവിന് പരമാവധി നൽകാവുന്നത്. എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താവിന് ₹40,000/- അധികം നൽകി.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/13.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹80,000/- (40000 + 40000) രണ്ട് ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 1-25 നെൽകർഷകർക്ക് കൂലി ചെലവ്- അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| | |

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ<br>അടങ്കൽ₹ | നെൽകർഷകർക്ക് കൂലി ചെലവ്, 116/23<br>205000/- (പൊതു വിഭാഗം) |
| ചെലവ്₹<br>ബിൽ നമ്പർ/തീയതി | 205000/-<br>221003520100011l3836/20-01-2023 |

മേൽ സൂചിത പദ്ധതി കാന്തല്ലൂർ പഞ്ചായത്തിലെ 9 ഹെക്ടർ സ്ഥലത്ത് സ്ഥിരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് ₹25000/- എന്ന നിരക്കിൽ സബ്സിഡി നൽകുന്നതിനായാണ് ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ താഴെ സൂചിപ്പിക്കുന്ന കർഷകർക്ക് അർഹതാ മാനദണ്ഡങ്ങൾ മറികടന്ന് ആനുകൂല്യം നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | നൽകിയ സബ്സിഡി ₹ | കൃഷി സ്ഥലത്തിന്റെ അളവ് (കരം അടച്ച രസീത് പ്രകാരം)/ അനർഹതയ്ക്കുള്ള കാരണം | അർഹമായ സബ്സിഡി ₹ | അധികം നൽകിയത് ₹ |
|---|---|---|---|---|---|
| 1 | കെ. ജി. സുകുമാരൻ, കൊരക്കാർ വീട്ടിൽ, കീഴാന്തൂർ | 30000 | 27 ആർ 52 ച. മീറ്റർ | 6880 | 23120 |
| 2 | സി. പി. റൈസുടി പിത്തൻ | 15000 | പാട്ടക്കരാർ കാലാവധി 07-07-2021 മുതൽ ആറ് മാസത്തേക്ക് | 0 | 15000 |

| | | | | | |
|---|---|---|---|---|---|
| | | | ആയിരുന്നു.<br>0.6 ഹെക്ടർ | | |
| 3 | പ്രകളാതൻ വി., അമ്പലംകോട്ടിൽ | 10000 | 50 സെന്റ് | 5059 | 4941 |
| 4 | കെ. കെ. വിനായകൻ, കൊങ്കനാട്ടിൽ വീട് | 15000 | 22 ആർ 42 ച. മീറ്റർ | 5605 | 9395 |
| | | | ആകെ നഷ്ടം | | 52,456 |

അനർഹമായി ആനുകൂല്യം അനുവദിച്ചതിനാൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 7/12-10-2023) മറുപടി ഹാജരാക്കിയില്ല. അധികമായി നൽകിയ ആനുകൂല്യം ₹52456/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്. അധികമായി നൽകിയ തുക തടസ്സപ്പെടുത്തുന്നു.

## 1-26 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം - അപാകതകൾ

| പദ്ധതി /നമ്പർ | ബിൽ നമ്പർ /തിയതി | തുക ₹ |
|---|---|---|
| 127/22-23<br>കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 22100352016601305281/7-3-23<br>22100352016601373250/16-3-23 | 247915<br>242375 |
| | ആകെ | 490290 |

തൻവർഷം ക്ഷീരവികസന ഓഫീസർ നിർവ്വഹണം നടത്തിയ കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്ന പദ്ധതിയ്ക്കായി ₹490290/- ചെലവഴിച്ചിട്ടുണ്ട്. കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങുന്നതിനാണ്

തുക ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയ്ക്കായി ചെലവഴിച്ച മേൽ തുക കോവിൽക്കടവ് പാൽ സൊസൈറ്റിക്കാണ് നല്കിയിരിക്കുന്നത്. കേരള ഫീഡ്സുമായി കരാറിലേർപ്പെട്ടിട്ടുള്ളതിന്റെ രേഖകൾ, കേരളഫീഡ്സിന് തുക നല്കിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം നിർവ്വഹണഉദ്യോഗസ്ഥൻ പിരിച്ചെടുക്കുകയോ ഗുണഭോക്താക്കൾക്ക് നിയമാനുസൃതം രസീത് നല്കുകയോ ചെയ്തിട്ടില്ല. പകരം കോവിൽക്കടവ് പാൽ സൊസൈറ്റി ഗുണഭോക്താക്താക്കളിൽ നിന്ന് തുക പിരിച്ചതായി ഫയൽ പരിശോധിച്ചതിൽ വ്യക്തമായി. കാലിത്തീറ്റയുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തിനാൽ ₹490290/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 പെണ്ണാട് വിതരണം - സബ്സിഡി നിരക്കിൽ അധികമായി ₹87000/- ചെലവഴിച്ചു

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പെണ്ണാട് വിതരണം പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നമ്പർ 111/21ഡി.പി.സി/ഡി.പി.ഒ/ഐ.ഡി.കെ തിയതി 20-12-21 പ്രകാരം 6-8 മാസം പ്രായമുള്ള ആട്ടിൻകുട്ടിക്ക് ₹7500/- ആണ് യുണിറ്റ് കോസ്റ്റായി നിർണയിച്ചിട്ടുള്ളത്. എന്നാൽ ₹8000/- നിരക്കിലാണ് താഴെ പറയുന്ന പദ്ധതിയ്ക്കായി ആടിനെ വാങ്ങിയിരിക്കുന്നത്.

| പദ്ധതി/ നമ്പർ | ബിൽ നമ്പർ/തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| 54/22-23 (Spillover) പെണ്ണാട് | 221003520105000080277/7-5-22 (വികസനഫണ്ട് – ജനറൽ) | 400000 320000 | ₹8000/- നിരക്കിൽ 120 (8000*120=960000) ആടിനെ വാങ്ങി വിതരണം നടത്തി. എന്നാൽ 7500*120=900000 ആണ് |

| | | | |
|---|---|---|---|
| വിതരണം വനിത (SC) | 22100352010500080274/7-5-22 (വികസനഫണ്ട്-എസ്.സി.പി) | | അനുവദനീയം. അതിൻ പ്രകാരം 900000*75%=675000 രൂപയാണ് അനുവദനീയമായ സബ്സിഡി തുക. സബ്സിഡി ഇനത്തിൽ ₹45000/- അധികം നല്കി (720000-675000=45000) |
| 55/22-23 (Spillover) പെണ്ണാട് വിതരണം വനിത (ST) | 22100352010500080281/7-5-22 (വികസനഫണ്ട് – ജനറൽ) 221000352010500080282/7-5-22 (വികസനഫണ്ട്-ടി.എസ്.പി) | 272000 400000 | ₹8000/- നിരക്കിൽ 84 (8000*84=672000) ആടിനെ വാങ്ങി വിതരണം നടത്തി. എന്നാൽ7500*84=630000 ആണ് അനുവദനീയം. ₹42000/- അധികം നല്കി. (672000-630000=42000) |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/13.10.2023) മറുപടി ലഭ്യമാക്കിയില്ല. യൂണിറ്റ് കോസ്റ്റിലും അധികം ചെലവ് ചെയ്ത തുക 45000+ 42000 = ₹87000/- തിരികെ അടവാക്കേണ്ടതാണ്.

**1-28 പി.എച്ച്.സി.യിലേക്ക് ജനറേറ്റർ വാങ്ങൽ-പദ്ധതി കമ്മീഷൻ ചെയ്തിട്ടില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| പ്രോജക്ട് നം. | 152/23 |
| പദ്ധതി അടങ്കൽ | ₹438000/- |
| | |

| പദ്ധതി ചെലവ് | ബിൽ നമ്പർ/തീയതി | തുക |
|---|---|---|
| | 22100352014201425838/21.03.2023 | ₹198000 |
| | 22100352014201425835/21.03.2023 | ₹240000 |

വൈദ്യുതി മുടക്കം പതിവായ സാഹചര്യത്തിൽ ഫാർമസി അടക്കമുള്ള ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടാതിരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് ജനറേറ്റർ വാങ്ങുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ഇതു പ്രകാരം KEL എന്ന സ്ഥാപനത്തിൽ നിന്നും ₹602030/-ചെലവഴിച്ച് (2023-24 വർഷം ചെലവഴിച്ച ₹164030/- ഉൾപ്പെടെ) 20 KVA ജനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് നാളിതുവരെ പദ്ധതിക്ക് ലഭ്യമായിട്ടില്ല. KEL മായുള്ള കരാർ പ്രകാരം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പദ്ധതി കമ്മീഷൻ ചെയ്യേണ്ടത് നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്തമാണ്. വാക്സിനുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ സൂക്ഷിക്കുന്ന ഫാർമസി വിഭാഗത്തിലേക്ക് കണക്ഷൻ ലഭ്യമല്ലാത്തതിനാൽ പദ്ധതികൊണ്ട് പി.എച്ച്.സി.യ്ക്ക് പ്രയോജനം ലഭ്യമാകുന്നില്ല. ജനറേറ്ററിൽ നിന്നുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിനുതകും വിധം ഫാർമസി വിംഗിലേക്കുള്ള വയറിംഗ് ജോലികൾ നടപ്പാക്കിയിട്ടുമില്ല. പദ്ധതി പൂർത്തീകരിച്ച് ജനറേറ്ററിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് ബോധ്യമാകുന്നതിനു മുമ്പ് നിർവ്വഹണ ഏജൻസിക്ക് പദ്ധതി ചെലവ് മുഴുവനായി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി കമ്മീഷൻ ചെയ്ത് പി.എച്ച്.സിക്ക് പൂർണ്ണമായും പ്രയോജനപ്പെടുംവിധം പ്രവർത്തനസജ്ജമാക്കാത്തതിനാൽ ₹438000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-29 ആംബുലൻസ് ഫ്രീസർ അനുബന്ധ സാമഗ്രികൾ വാങ്ങൽ - ആർജ്ജിച്ച ആസ്തികൾ യഥാവിധി സംരക്ഷിക്കുന്നില്ല**

| | |
|---|---|
| പദ്ധതി | പഞ്ചായത്ത് പുതിയ ആംബുലൻസ് ഫ്രീസർ അനുബന്ധ സാമഗ്രികൾ വാങ്ങൽ (149/23) |
| അടങ്കൽ | 330000/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | 278350/- (22100352014201521094/28.3.23)<br>(ജനറേറ്റർ - 118350/-<br>മൊബൈൽ മോർച്ചറി - 160000/-) |

2021-22 വർഷം ബഹു. ദേവികുളം എം. എൽ. എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചു നൽകിയ ആംബുലൻസിന് ജനറേറ്റർ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങി സ്ഥാപിക്കുന്നതാണ് പദ്ധതി. ജെം പോർട്ടലിൽനിന്നും മേൽ ബിൽ പ്രകാരം ഒരു ജനറേറ്ററും, ഒരു മൊബൈൽ മോർച്ചറിയും വാങ്ങിയിട്ടുണ്ട്. വാങ്ങുവാൻ ഉദ്ദേശിക്കുന്ന ഫ്രീസറും ജനറേറ്ററും ആംബുലൻസിൽ സജ്ജീകരിക്കുവാൻ പര്യപ്തമാണോയെന്നും ആയതിനാവശ്യമായ സ്പെസിഫിക്കേഷനോടു കൂടിയതാണോയെന്നും പരിശോധന നടത്താതെയാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. തന്മൂലം മൊബൈൽ മോർച്ചറി ആവശ്യമായ സാഹചര്യത്തിൽ മാത്രം ആംബുലൻസിൽ ക്രമീകരിക്കുകയും ഉപയോഗിക്കാത്ത അവസരങ്ങളിൽ പഞ്ചായത്ത് ഓഫീസിന് വെളിയിൽ യാതൊരു സംരക്ഷണവുമില്ലാതെ വയ്ക്കുകയും ചെയ്യുന്നു. മൊബൈൽ മോർച്ചറി ഉപയോഗപ്പെടുത്തിയതു സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കു ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കാതെ അലക്ഷ്യമായി സൂക്ഷിക്കുന്നത്

കേടുപാടുകൾക്ക് കാരണമാകാൻ സാധ്യതയുണ്ട്. മൊബൈൽ മോർച്ചറിയും ജനറേറ്ററും യഥാവിധി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



## 1-30 ഖരമാലിന്യ പരിപാലനം - അപാകതകൾ

| | |
|---|---|
| പദ്ധതി | ഖരമാലിന്യ പരിപാലനം – മാലിന്യം നീക്കം ചെയ്യൽ (102/23) |
| അടങ്കൽ | 700000/- (വികസനഫണ്ട് - ജനറൽ), 673937/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ആകെ – 1373937/- |
| ചെലവ് | 699919/- (BRN -221003520142014201163005/9.2.23)<br>186392/- (Vr. No.222000225/20.3.23) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>81446/- (Vr. No.222000897/31.3.23)(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>----------<br>967757 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ സ്ഥലത്തെത്തിച്ച് ജൈവ മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും വേർതിരിച്ച് സംസ്കരിക്കുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. താൽക്കാലിക ജീവനക്കാരായ ട്രാക്ടർ ഡ്രൈവർ, ഫുൾ ടൈം സ്വീപ്പർമാർ (3 പേർ) എന്നിവർ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നും (Door To Door) മാലിന്യങ്ങൾ ശേഖരിച്ച് തരം തിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ജീവനക്കാരുടെ വേതനം, ഇന്ധനം എന്നീയിനങ്ങളിലാണ് ₹967757/-യും ചെലവഴിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. സർക്കാർ നയമനുസരിച്ച് ജൈവമാലിന്യങ്ങൾ വീടുകളിലെ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനു പകരം മാലിന്യ സംസ്കരണ ചുമതല ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തതിന്റെ കാരണം വ്യക്തമല്ല.

2. വാഹനത്തിന്റ ഇന്ധന ചെലവ് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനായി ട്രാക്ടറിന്റെ ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഹരിത കർമ്മ സേനയ്ക്കു പരിശീലനം നൽകി ജൈവ അജൈവ മാലിന്യങ്ങൾ ഫലപ്രദമായ രീതിയിൽ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും പരിശീലനം നൽകിയ ഇനത്തിൽ 'നിറവ്' എന്ന ഏജൻസിക്ക് തൻവർഷം 219/23 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി ₹109464/-നൽകിയിട്ടുണ്ടെങ്കിലും മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഹരിത കർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ല. ഹരിത കർമ്മ സേനയുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് കെൽട്രോണിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുന്നതിനും മാലിന്യ ശേഖരണം മോണിട്ടർ ചെയ്യുന്നതിനും മറ്റും മുൻവർഷത്തിൽ

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം എന്ന പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ഇതിനായി കെൽട്രോണിൽ നിന്ന് ₹54616/- ചെലവ് ചെയ്ത് ഒരു ലാപ് ടോപ്പ് വാങ്ങുകയും ചെയ്തിട്ടുണ്ട്.

4. വീടുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എവിടെ വച്ചാണ് ജൈവ അജൈവ മാലിന്യങ്ങളായി തരം തിരിച്ച് സംസ്കരിക്കുന്നതെന്നുള്ള വിവരം ലഭ്യമല്ല.

5. മാലിന്യ ശേഖരണത്തിന് തൻവർഷം ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ (173/23) എന്ന പദ്ധതി തയ്യാറാക്കി ₹497000/- ചെലവ് ചെയ്ത് ഒരു ഇലക്ട്രിക് ഓട്ടോ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല (ഖണ്ഡിക 1-31 കാണുക).

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം15/13.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയതിനാൽ ചെലവ് തുക (₹967757/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാലിന്യങ്ങൾ വീടുകളിൽ വച്ചുതന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഹരിത കർമ്മ സേനയുടെ സേവനം കൂടി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി സമഗ്രമായ രൂപരേഖ തയ്യാറാക്കി ജീവനക്കാരെ ആവശ്യാനുസരണം മാത്രം വിന്യസിച്ച് പദ്ധതി ചെലവ് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-31 ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| പദ്ധതി | ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ (173/23) |
| അടങ്കൽ | 497000/- (വികസനഫണ്ട് - ജനറൽ) |

| | |
|---|---|
| ചെലവ് | 497000/- (2210035201420143551 4/22.3.23) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹരിതകർമ്മ സേനയ്ക്ക് ഓട്ടോറിക്ഷാ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം മാലിന്യം ശേഖരിക്കുന്നതിന് ജെം പോർട്ടൽ വഴി ഫ്ലോററ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ടാറ്റാ ഇലക്ട്രിക്ക് ഓട്ടോറിക്ഷാ വാങ്ങിയിരുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിരപ്പായ സ്ഥലത്ത് മാത്രം ഉപയോഗിക്കാൻ അനുയോജ്യമായ ഓട്ടോറിക്ഷാ ഭാരം വഹിച്ചുകൊണ്ട് കയറ്റം കയറുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു. ധാരാളം വളവുകളും കുന്നുകളും ഉള്ളതും വീതി കുറഞ്ഞതുമായ റോഡുകൾ ഉൾപ്പെടുന്ന കാന്തല്ലൂർ പ്രദേശത്തിന് ഒട്ടും അനുയോജ്യമല്ല നിലവിലുള്ള വാഹനം. വാഹനം വാങ്ങുന്നതിന് മുമ്പ് ഭരണസമിതിയും പ്രൊക്യൂർമെന്റ് കമ്മറ്റിയും പദ്ധതിയെക്കുറിച്ച് വിശദമായി പഠിക്കാതെയും വാഹനത്തിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങൾ പരിശോധിച്ച് വാഹനം ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമാണോയെന്ന് ഉറപ്പാക്കാതെയും ദീർഘവീക്ഷണമില്ലാതെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ചെയ്തത്.

2) വാഹനത്തിന്റെ വാറന്റി കാലയളവ് ഒരു വർഷത്തിനുള്ളിൽ തീരുമെന്നിരിക്കെ വാഹനം വാങ്ങി 6 മാസം കഴിഞ്ഞിട്ടും അത് കാര്യമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വാറന്റി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Charger | 1-Year |
| BLDC Motor | 6- Months |

| | |
|---|---|
| Motor Controller | 6- Months |
| Chasis Fabrication | 1-Year |
| Battery | 1 Year |

3. ഡ്രൈവർക്ക് മാത്രമാണ് വാഹനത്തിൽ യാത്ര ചെയ്യാൻ സാധിക്കുക എന്നത് മാലിന്യം ശേഖരിക്കലിനെ പ്രതികൂലമായി ബാധിക്കുന്നു.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.5/12.10.23) വാഹനം ഹരിത കർമ്മസേനയ്ക്ക് കൈമാറാത്തതിനാൽ നാളിതുവരെ വാഹനം ഉപയോഗിച്ചിട്ടില്ലെന്നും ടെസ്റ്റ് ഡ്രൈവ് നടത്തിയതിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കമ്പനി അധികൃതരുമായി ആലോചിച്ച് വാഹനം ഉപയോഗപ്രദമാക്കുന്നതിനും നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 കോവിൽകടവ് കാന്തല്ലൂർ ടൗണുകളിൽ സി സി റ്റി വി സ്ഥാപിക്കൽ - അപാകതകൾ

| | |
|---|---|
| പദ്ധതി | കോവിൽകടവ് കാന്തല്ലൂർ ടൗണുകളിൽ സിസിറ്റിവി സ്ഥാപിക്കൽ (95/23) |
| അടങ്കൽ | 506386/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 496440/- (UTR No.RBI0862372997440/25.3.23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യം തള്ളുന്നത് തടയുക, പൊതുമുതൽ സംരക്ഷിക്കുക എന്നീ ഉദ്ദേശ്യങ്ങൾ മുൻനിർത്തി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 12.01.2023-ലെ അജണ്ട 6 പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി

12 ക്യാമറകളും 2 മോണിട്ടറുകളും ജെം പോർട്ടൽ വഴി വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ്, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, കാന്തല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രം, കാന്തല്ലൂർ സഹകരണ ബാങ്ക് എന്നിങ്ങനെ 5 സ്ഥലങ്ങളിലാണ് ക്യാമറകൾ സ്ഥാപിച്ചത്. എന്നാൽ ₹496440/-ചെലവഴിച്ചിട്ടും പദ്ധതികൊണ്ട് ഗ്രാമ പഞ്ചായത്തിന് കാര്യമായ പ്രയോജനം ലഭ്യമാകുന്നില്ല. ഇന്റർനെറ്റ് സൗകര്യം, മറ്റ് സംവിധാനങ്ങൾ എന്നിവയുടെ അപര്യാപ്തത മൂലം ക്യാമറകളിൽ നിന്നുള്ള ഡേറ്റ ഗ്രാമപഞ്ചായത്തിലിരുന്ന് നിരീക്ഷിക്കുവാൻ കഴിയുന്നില്ല. തന്മൂലം ഒരു ലക്ഷത്തോളം രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള 2 മോണിട്ടറുകളും നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുകയാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5(1)/12.10.23) ഇന്റർനെറ്റ് സൗകര്യമേർപ്പെടുത്തി പദ്ധതി പ്രവർത്തനസജ്ജമാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്പെടാത്ത സാഹചര്യത്തിൽ ₹496440/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 വാട്ടർ എ.ടി.എം-പദ്ധതി പൂർത്തീകരിക്കുന്നതിനു മുമ്പ് കരാറുകാരന് ചെലവ് തുക മുഴുവനും അനുവദിച്ചു

| | |
|---|---|
| പദ്ധതി | വാട്ടർ എ.ടി.എം. – തുക നൽകൽ (195/22) |
| അടങ്കൽ | 599800/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 299900/- (21100352014201465119/25.3.22)<br>299900/- (21100352014201465115/25.3.22) |

കാന്തല്ലൂരിലും, കോവിൽകടവിലും വാട്ടർ എ.ടി.എം. വാങ്ങി സ്ഥാപിച്ച് ജനങ്ങൾക്ക് ശുദ്ധജലം നൽകുന്നതിന് എലാരിയ, ചാലപ്പുറം, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 2 മെഷീനുകൾ 2021-22 സാമ്പത്തിക വർഷം വാങ്ങിയിരുന്നുവെങ്കിലും മെഷിനുകൾ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചിരുന്നില്ല.

2022-23 സാമ്പത്തിക വർഷം കാന്തല്ലൂർ ടൗണിൽ വാട്ടർ എ.ടി.എം. സ്ഥാപിച്ച് പദ്ധതി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെങ്കിലും കോവിൽക്കടവിൽ മെഷീൻ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതിക്കു വേണ്ടി വാങ്ങിയ മെഷീൻ ഗ്രാമപഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണം സാധ്യമാകുന്നതിനു മുമ്പുതന്നെ നിർവ്വഹണ ഏജൻസിക്ക് മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്. ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങളൊന്നും നടത്താതെയാണ് മെഷീനുകൾ വാങ്ങിയിട്ടുള്ളത്. വാട്ടർ എ.ടി.എം. സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥല ലഭ്യത, ജല ലഭ്യത, വൈദ്യുതി കണക്ഷൻ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്താതെ മെഷീനുകൾ വാങ്ങിയതുമൂലമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത്. നിർവ്വഹണ ഏജൻസിക്ക് ₹599800/- കൈമാറിയിട്ടുണ്ടെങ്കിലും നിയമാനുസൃതം കിഴിവ് ചെയ്യേണ്ട 2% TDS ഈടാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതു സംബന്ധിച്ചും TDS കിഴിവ് വരുത്താത്തതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/12.10.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എ.ടി.എം. സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതാണെന്നും ക്ലറിക്കൽ പിശകു മൂലമാണ് TDS കിഴിവ് ചെയ്യാൻ കഴിയാതിരുന്നതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണ ഏജൻസിയിൽ നിന്നും 2% TDS ഉം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-34 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

താഴെപ്പറയുന്ന പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | പ്രവൃത്തി ഇനം | തുക(₹) | ബിൽ നം./ വൗച്ചർനം/ തീയതി |
|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (238/23) | 100000 | 2210035201420133O8423/ 11.2.23 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | അംഗൻവാടികളുടെ വൈദ്യുതീകരണത്തിനായി സി.ഡി തുക ഒടുക്കൽ (213/23) | 67485 | 2210035201420116 2995/ 8.2.23 |

പദ്ധതികളുടെ പൂർത്തീകരണവിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1- 35 പൂരകപോഷകാഹാര വിതരണം - ജി.എസ്.ടി. അനുവദിച്ചത്

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണത്തിന് നുട്രീമിക്സ് വാങ്ങിയ വകയിൽ അനുശ്രീ നുട്രീമിക്സ്, താന്നിമൂട് എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി തുക

അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി/നമ്പർ | ബിൽ നമ്പർ/ തീയതി | അനുശ്രീ നുട്രീമിക്സിന് നല്കിയ തുക ₹ |
|---|---|---|
| 49/22, അംഗനവാടി അനുപൂരക പോഷകാഹാര വിതരണം (എസ്.ടി.) | 22100352009900138135/26-5-22/ 84909 | 18185 |
| | 22100352009900310532/14-7-22/ 154910 | 143944 |
| | 25/3/23/149740 | 140011 |
| 48/22, അംഗനവാടി അനുപൂരക പോഷകാഹാര വിതരണം (എസ്.സി) | 22100352009900138134/26/05/2022/146603 | 141796 |
| | 22100352009900310531/14-7-22/122612 | 113730 |
| | 22100352009900808794/23-11-22/349236 | 130126 |
| | 22100352009901224055/22-2-23/63945 | 63945 |
| | 24/3/23/314681 | 264958 |
| 47/22,അംഗനവാടി അനുപൂരക പോഷകാഹാര വിതരണം (ജനറൽ) | 22100352009900138129/26-5-22/166088 | 160633 |
| | 22100352009900468631/27-8-22/381022 | 148289 |
| | 22100352009900663503/17-10-22/310330 | 286544 |
| | 22100352009900988095/3-1-23/129464 | 128557 |
| | 22100352009901224061/22-2-23/74602 | 74602 |

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.2018 ലെ സർക്കാർ ഉത്തരവ് (സാ.ധാ) നം. 1450/2018/

ത.സ്വ.ഭ.വ പ്രകാരം അമൃതം നുട്രീമിക്സിന്റെ വില 5% ജി.എസ്.റ്റി. ഉൾപ്പെടെ ₹73.50/- യാണ്. കേന്ദ്ര സർക്കാർ സർക്കുലർ നം.149/05/2021 ജി.എസ്.ടി തിയതി 17-6-21 പ്രകാരം അംഗൻവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭക്ഷണവിതരണ സേവനങ്ങളെ ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ അനുശ്രീ നുട്രീമിക്സ്, താന്നിമൂട് എന്ന സ്ഥാപനത്തിന് ₹70/- നിരക്കിനു പകരം ജി.എസ്.റ്റി. ഉൾപ്പെടെ അമൃതം നുട്രീമിക്സിന് ₹73.50/ – നിരക്ക് നല്കിയത് ക്രമരഹിതമാണ്. ജി.എസ്.ടി. ഇനത്തിൽ അധികം നല്കിയ തുക തിരികെ ഈടാക്കുകയോ, തുടർ വർഷങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പെണ്ണാട് വിതരണം - യൂണിറ്റ് കോസ്റ്റിൽ അധികമായി ചെലവഴിച്ചു - പഞ്ചായത്തിന് ₹87000/- നഷ്ടമായി

വെറ്ററിനറി സർജൻ നടപ്പാക്കിയ വനിതകൾക്കുള്ള പെണ്ണാട് വിതരണം സ്പിൽ ഓവർ പദ്ധതികളിൽ (എസ്.സി.പി. യും ടി.എസ്.പി.യും) 2021-22 ലെ യൂണിറ്റ് കോസ്റ്റ് ആയി നിർണ്ണയിച്ചിരുന്ന ₹7500/- ന് പകരം ₹8000/- നിരക്ക് നൽകിയതിനാൽ ആകെ ₹87000/- അധികമായി ചെലവഴിച്ചു. ഇത് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖണ്ഡിക 1-27 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-27 ഈ ഖണ്ഡികയുടെ

ഭാഗമായിരിക്കും. പഞ്ചായത്തിന് ₹87000/- നഷ്ടമായതിന് ഖണ്ഡിക 4-9(ബി) യിൽ പേര് ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളാണ്. തുക തിരികെ ഈടാക്കാത്ത പക്ഷം ഈ നഷ്ടം പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-2023 | 299880 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (126/23) | 299880 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 3380000 | ലൈഫ് ഭവനപദ്ധതി ST (98/23) | 3380000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 180000 | ലൈഫ് ഭവനപദ്ധതി SC (97/23) | 180000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 300000 | സുവർണ്ണ ഭവന പദ്ധതി (222/23) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 33700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (50/23) | 33700 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 80000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (216/23) | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 260000 | പട്ടിക ജാതി വനിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (211/23) | 260000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 180000 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (220/23) | 180000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 140000 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (217/23) | 140000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി | അപകടകരമായ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (238/23) | BRNo. 22100352014201308423 / തീ.11.02 .2023 | 100000 | 0 | 100000 |
| കെ. എസ്. ഇ.ബി | അംഗൻവാടികൾക്ക് വൈദ്യുതീകരണത്തിനായി സി.ഡി തുക ഒടുക്കൽ (213/23) | 22100352014201162995/ 8.2.23 | 67485 | 0 | 67485 |

പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം (KURDFC) | ലഭ്യമല്ല | 54040000 | 00 | 105945840 | 11244010 | 0 | 94701830 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹4633/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| | | 4633 | ശ്രീ. എം സ്റ്റീഫൻ അസി.സെക്രട്ടറി | 1220102635/ തീ. 27.03.23 | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക എന്നീ വിവരങ്ങൾ ലഭ്യമല്ല. ഇവ ലഭ്യമാക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർഷം | | | |
| 1998-99 | 9-1 | 1996-97 | 3-3 | മസ്റ്റർറോൾ സൂക്ഷിക്കാതെ നോമിനൽ കൂലി നൽകിയത് | |
| 2010-11 | 2.14 | 2006-07 | 3-12(1,2) | കുടുംബശ്രീ യൂണിറ്റുകൾക്ക് ധനസഹായം – ഗ്രാമസഭ തിരഞ്ഞെടുക്കാത്തവർക്ക് ധനസഹായം ₹1,62,500/-, ₹3,75,000/- | |
| 2010-11 | 2.14 | 2006-07 | 3-4 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം – ₹2,37,150/- | |
| 2014-15 | 4-1-4 മുതൽ അനുബന്ധം-4 വരെ | | | വിഷയാധിഷ്ഠിത അവലോകനം - കർഷക തൊഴിലാളി പെൻഷൻ | |
| 2016-17 | അനുബന്ധം-3 (പേജ് 163) | 2014-15 | 2-1 | വസ്തുനികുതി അപാകതകൾ | |
| 2016-17 | അനുബന്ധം-5, പേജ് 204 | 2015-16 | 2-2, 2-3 | തൊഴിൽ നികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

– – ഇല്ല – –

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

– – ഇല്ല – –

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| മുന്നിരിപ്പ് | | ₹32198218.33 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹50899676.00 |
| ആകെ | | ₹83097894.33 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹54170797 |
| നീക്കിയിരിപ്പ് | | ₹38927097.33 |
| (കുറിപ്പ്:-പഞ്ചായത്തിന്റെ 2022-23 -ലെ റസീപ്റ്റ് & പെയ്മെന്റ് പത്രികയിലെ വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്) | | |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 87000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 2444943/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | നിരാകരിച്ച തുക തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹87000/- | ഡോ. ക്ലാപ്പ് ആന്റോ, വെറ്ററിനറി സർജൻ |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 52456 | ശ്രീ. സതീഷ് കെ. ആർ., കൃഷി ഓഫീസർ |
| 1-26 | 490290 | ശ്രീ. റിനു തോമസ്, ഡയറി എക്സ്റ്റൻഷൻ ഓഫിസർ |
| 1-28 | 438000 | ശ്രീ. പി. ജബ്ബരാജ്, സെക്രട്ടറി |
| 1-30 | 967757 | ശ്രീ. പി. ജബ്ബരാജ്, സെക്രട്ടറി |
| 1-32 | 496440 | ശ്രീ. പി. ജബ്ബരാജ്, സെക്രട്ടറി |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ക്ലാപ്പ് ആന്റോ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | 51/87, ക്ലാപ്പ് ഇൻ സ്മൈൽ, സിവിൽ ലൈൻ ലിങ്ക് റോഡ്, അയ്യന്തോൾ, തൃശൂർ പിൻ-680003 |
| ശ്രീ. സന്തോഷ് കെ, സെക്രട്ടറി | സെക്രട്ടറി, ഇടമലക്കുടി ഗ്രാമപഞ്ചായത്ത് | അമ്പാട്ട് വീട്, പുതുപ്പരിയാരം പി.ഒ., തൊടുപുഴ, ഇടുക്കി ജില്ല, പിൻ -685608 |
| ശ്രീ. രാജേഷ് കെ, വി.ഇ.ഒ. | വി.ഇ.ഒ. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് | കണ്ണൻ ഹൗസ്, ബെതൂർപാറ, കോമാലി വീട്, കുറ്റിക്കോൽ വില്ലേജ്, മുന്നാട്, കാസറഗോഡ്, വട്ടംതട്ട, പിൻ – 671542 |
| ശ്രീ. പി. ജബ്ബരാജ്, സെക്രട്ടറി | സെക്രട്ടറി, കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | അസറേൽ കോട്ടേജ്, സീയോൻപുരം, മറയൂർ പി.ഒ-685620 |
| ശ്രീ. സതീഷ് കെ.ആർ., കൃഷി ഓഫിസർ | കൃഷി ഓഫിസർ, കാന്തല്ലൂർ ഗ്രാമ പഞ്ചായത്ത് | ശ്രാവണം(H), ഹരിപുരെ പി.ഒ., മുടിപ്പാറ, നെടുമങ്ങാട്-695541 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ അവശേഷിക്കുന്ന | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | ഖണ്ഡിക എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-96 | എൽ എഫ് ഐ -7-135/98 തീ. 21.04.1998 | 26 | 3 എ, 4, 5, 6, 12, 14, 15(1), 15(2), 16 മുതൽ 33 വരെ |
| 1996-97 | എൽ എഫ് ഐ -7-136/98 തീ.30.05.1998 | 13 | 29 മുതൽ 41 വരെ |
| 1997-98 | എൽ എഫ് ഐ -9/957/2006 തീ.08.04.07 | 21 | 28 മുതൽ 48 വരെ |
| 1998-99 | എൽ എഫ് ഐ -9/686/200 തീ.05.10.2002 | 9 | 23 മുതൽ 31 വരെ |
| 1999-00 | എൽ എഫ് ഐ -9/564/2006 തീ.06.12.2006 | 12 | 21 മുതൽ 33(2) വരെ |
| 2000-01 | എൽ എഫ് ഐ -9/104/03 തീ.09.05.2003 | 8 | 23 മുതൽ 30 വരെ |
| 2001-02 | എൽ എഫ് ഐ -9/283/04 തീ.09.07.2004 | 2 | 2-2, 2-3 |
| 2002-03 | എൽ എഫ് ഐ -9/297/06 തീ.04.12.2006 | 4 | 2-4, 3-1 മുതൽ 3-3 വരെ |
| 2003-04 | എൽ എഫ് ഐ -9/779/07 തീ.31.12.2007 | 7 | 2-2, 2-3, 3-1 മുതൽ 3-5 വരെ |
| 2004-05 | എൽ എഫ് ഐ -9/780/07 തീ.31.12.2007 | 3 | 2-1, 2-4, 3-1 |
| 2005-06 | എൽ എഫ് ഐ -9/1049/09 തീ.11.11.2009 | 10 | 2-2, 2-3, 3-1 മുതൽ 3-8 വരെ |

| | | | |
|---|---|---|---|
| 2006-07 | എൽ എഫ് ഐ -9/740/10 തീ.27.09.2010 | 16 | 2-1 മുതൽ 2-8 വരെ<br>3-1 മുതൽ 3-8 വരെ |
| 2007-08 | എൽ എഫ് ഐ -14/1141/11 തീ.11.11.11/31.01.12 | 23 | 2-1, 2-2, 2-7 മുതൽ 2-12 വരെ<br>3-1 മുതൽ 3-15 വരെ |
| 2008-09 | എൽ എഫ് ഐ -9/1006/11 തീ.19.05.2014 | 25 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-18 വരെ |
| 2009-10 | എൽ എഫ് ഐ -9/1007/11 തീ.05.06.2011 | 22 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-15 വരെ |
| 2010-11<br>2011-12 | എൽ എഫ് ഐ -14/1215/13 തീ.05.12.2014 | 17 | 2-1 മുതൽ 2-3വരെ<br>3-1 മുതൽ 3-14 വരെ |
| 2012-13<br>2013-14 | എൽ എഫ് ഐ -14/292/15 തീ.01.04.2015 | 10 | 2-1, 2-2, 3-1 മുതൽ 3-4 വരെ<br>3-6 മുതൽ 3-9 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-14/158/17 തീ.04.04.2017 | 11 | 2-2, 2-3, 3-1 മുതൽ 3-4 വരെ, 3-6, 3-8 മുതൽ 3-11 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-6/1120/17 തീ.01.03.2018 | 10 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-6 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-6/1447/ 2017തീ.21.10.2017 | 12 | 2-1, 3-1 മുതൽ 3-6 വരെ<br>3-8 മുതൽ 3-11 വരെ |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-6/ 54/2019/ തീ.14.02.2019 | 14 | 1-10, 1-12, 2-1, 2-2, 3-2, 3-4 മുതൽ 3-10 വരെയും 3-12, 4-7, 4-8 |
| 2018-19 | കെ.എസ്.എ-ഐ.ഡി.കെ-6/ 287/2020/ തീ.6.5.20/11.6.20 | 15 | 1-11 മുതൽ 1-24 വരെ, 2-1, 4-11 |
| 2019-20 | കെ.എസ്.എ-ഐ.ഡി.കെ-13/343/2021/തീ.15.04.2021 | 23 | 1-9 മുതൽ 1-31 വരെ |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-13/576/2022/തീ.26.05.2022 | 23 | 1-9 മുതൽ 1-31 വരെ |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി5/235/23 തീ.11.04.2023 | 8 | 1-9, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-21 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 14-07-2023 and submitted on 14-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kanthalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kanthalloor Grama Panchayat for the year 2022-2023

**Date: 14/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kanthalloor Grama Panchayat for the Year 2022-2023.

## 1.Major Observations

1) All mandatory financial statements prescribed in accounting rules are not submitted for audit.

## 2.Other Observations

1) Cash flow statement, Net increase / decrease in cash flow does nÂ□ot match with the difference between the opening balance and closing balance of cash and cash equivalents.

2) Monthly bank reconciliation statement not prpared.

3) Cheques encashed for more than 3 months were not transferred to stale cheque account(head of account).

4) Cheques deposited in bank account but not credited.

5) Registers, viz., Stock Register, Advance Register, Deposit Register, Grant ACR, Asset Register, Loan Register etc., are not maintained correctly and or does not match with financial statements.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്